**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**

**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**

**വെബ്സൈറ്റ്: www.prd.kerala.gov.in**

------------------- ---------------------------------------------

**പത്രക്കുറിപ്പ് 3 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂൺ 10 തിങ്കൾ**

------------------- -------------------------------------------

# ജില്ലയിലെ 148 കോളനികളിൽ പ്രത്യേക സാക്ഷരത പദ്ധതി: അക്ഷരകൈരളിയിൽ വരിക്കാരെ ചേർക്കും

ആലപ്പുഴ: സാക്ഷരത മിഷൻ നടത്തുന്ന പ്രത്യേക സാക്ഷരത പദ്ധതിയായ 2000 കോളനി സാക്ഷരത യജ്ഞത്തിൽ ജില്ലയിലെ 148 കോളനികളെ തിരഞ്ഞെടുത്തു. കോളനികൾ കേന്ദ്രീകരിച്ചുള്ള ഈ പദ്ധതിയിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലായി കണ്ടെത്തിയ 148 കേന്ദ്രങ്ങളിലായി 3645 പഠിതാക്കളേയും തിരഞ്ഞെടുത്തിട്ടുണ്ട്. ഈമാസം അവസാനത്തോടെ ക്ലാസുകൾ തുടങ്ങും വിധമാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതെന്ന് സമതി അധ്യക്ഷനായ ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ പറഞ്ഞു.

കോളനികളെ പരിപൂർണമായും സാക്ഷരതിയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി. പട്ടികവിഭാഗക്കാർ ഒഴികെയുള്ളവർക്കായിരിക്കും പദ്ധതിയിൽ മുൻഗണന. പട്ടികവിഭാഗക്കാർക്കായി നവചേതന എന്ന പേരിൽ പ്രത്യേക പദ്ധതിയുള്ളതിനാലാണിത്. കോളനികൾ കേന്ദ്രീകരിച്ച് അക്ഷരയാത്രകൾ സംഘടിപ്പിക്കും. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനവും ഈമാസം അവസാനത്തോടെ ഏറ്റവും കൂടുതൽ പഠിതാക്കളെ കണ്ടെത്തിയ മുതുകുളം ബ്ലോക്കിൽ നടത്താൻ ജില്ല സാക്ഷരത സമതിയോഗത്തിൽ തീരുമാനമായി. ജില്ലയിലെ 148 പ്രേരകുമാരും തങ്ങളുടെ പ്രവർത്തന മേഖലയിലെ കോളനികളിൽ നിന്ന് കുറഞ്ഞത് 25 പേരെയെങ്കിലും കണ്ടെത്തണമെന്നായിരുന്നു നിർദേശം.

പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ചു നടത്തുന്ന നവചേതന പദ്ധതി, തീരദേശം കേന്ദ്രീകരിച്ചുള്ള അക്ഷരസാഗരം പദ്ധതി, ഇതര സംസ്ഥാന തൊഴിലാളികളെ മലയാളം പഠിപ്പിക്കുന്ന ചങ്ങാതി പദ്ധതി എന്നിവയ്ക്ക് മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്ന് ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ പറഞ്ഞു. ഈ പദ്ധതികളും ഈമാസം അവസാനത്തോടെ ജില്ലയിൽ തുടക്കം കുറിക്കും. നവചേതന പദ്ധതിയിൽ എട്ടു തദ്ദേശസ്ഥാപനങ്ങളിലായി 210 പഠിതാക്കളെ ഇതിനകം കണ്ടെത്തിയിട്ടുണ്ട്. തീരദേശത്തെ 44 വാർഡുകളിലായി 1125 പഠിതാക്കളാണ് അക്ഷരസാഗരത്തിലുള്ളത്. പാണാവള്ളി പഞ്ചായത്തിൽ 211 ഇതരസംസ്ഥാന തൊഴിലാളികളാണ് ചങ്ങാതി പദ്ധതിയിൽ ആദ്യഘട്ടത്തിലുള്ളത്.

സംസ്ഥാന സാക്ഷരത മിഷൻ മുഖപത്രമായ അക്ഷരകൈരളിയുടെ പ്രചരണാർഥം ജില്ലയിൽ വരിക്കാരെ ചേർക്കാൻ തീരുമാനിച്ചു. ആദ്യഘട്ടമായി ജില്ല സാക്ഷരത സമതിയിലെ മുഴുവൻ അംഗങ്ങളും മാസികയുടെ വരിക്കാരും. ആദ്യ

വരിസംഖ്യ ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ ജില്ല സാക്ഷരത മിഷൻ കോ-ഓർഡിനേറ്റർ ഹരിഹരൻ ഉണ്ണിത്താന് നൽകി പ്രചരണപ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് മണി വിശ്വനാഥൻ സ്ഥിരം സമതി അധ്യക്ഷരായ കെ.സുമ, സിന്ധു വിനു, അംഗങ്ങളായ മാലൂർ ശ്രീധരൻ, പി.ജ്യോതിസ്, ആസൂത്രണ സമതി ഫെസിലിറ്റേറ്റർ പി.ജയരാജ്, ഡയറ്റ് പ്രിൻസിപ്പാൾ കെ.ആർ.വിശ്വംഭരൻ, ജില്ല പഞ്ചായത്ത് സെക്രട്ടറി കെ.ആർ.ദേവദാസ്, ജില്ല ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല എന്നിവർ പങ്കെടുത്തു.